പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4651 23/07/2015-ൽ മറുപടിക്ക്

# വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും കെ.എസ്.ഇ.ബി.നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) 1) **ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം**<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായും സാമ്പത്തിക ആനുകൂല്യങ്ങൾ നല്കി വരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.<br><br>(i) മരണാനന്തര നഷ്ടപരിഹാരം<br><br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതിക- മായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/-രൂപ വരെ.<br><br>2. ശവസംസ്കാര ചെലവിനായി 5,000/-രൂപ.<br><br>3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും |

മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ.

4. 2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാചെലവ്.

5. സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ലഭിക്കുന്നു.

6. അപകട മരണം സംഭവിക്കുന്ന ജീവനക്കാരന്റെ അനന്തരാവകാശികളിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനം.

(ii) <u>അപകടത്തിൽപെടുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം</u>

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസ വേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

2. അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ-മാസികാ നഷ്ടപരിഹാരമോ പ്രത്യേക
അവശതാ അവധിയോ

3. 2011-ലെ ദീർഘകാല കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടി വരുന്ന പൂർണ്ണമായ ചികിത്സാചെലവ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എങ്കിലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് ബോർഡിന്റെ തീരുമാനത്തിനു വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ച് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും (3,97,480/-രൂപ മുതൽ 9,14,160/-രൂപ വരെ) 2011-ലെ Officers Pay Revision-ലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ആശുപത്രികളിലെ ചികിത്സയ്ക്ക് വേണ്ടിവരുന്ന പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിനുപരിയായി ജോലിക്കിടെ അപകട മരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

2. **<u>കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം</u>**

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട

കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകട മരണം സംഭവിയ്ക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കിവരുന്നു.

(i) മരണാനന്തര നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ

2. ശവസംസ്കാര ചെലവിനായി 5,000/- രൂപ.

(ii) അപകടത്തിൽപെടുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
2. അപകടം സംഭവിയ്ക്കുന്ന തൊഴിലാളികൾക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ- മാസികാ നഷ്ടപരിഹാരം

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ

സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകട മരണം സംഭവിയ്ക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദി യ്ക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻ സേഷൻ കമ്മിഷണർ/ഡെപ്യൂട്ടി ലേബർ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശ യുൾപ്പെടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(iii) <u>അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് നല്കുന്ന നഷ്ടപരിഹാരം</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതു- ജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതി അപകട ങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി താഴെപറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കിവരുന്നു.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായമായി 5 ലക്ഷം രൂപ (01.06.2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിക്കുന്നതിന് അർഹതയുണ്ട്.

2. എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവ മൂലം വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ (01.06.2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിക്കുന്നതിന് അർഹതയുണ്ട്.

3. മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതു- ജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 5 ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

4. എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവ മൂലം വൈദ്യുതാഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗ

വൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി ഒരു ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

(iv) <u>അപകടം സംഭവിയ്ക്കുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നല്കുന്ന നഷ്ടപരിഹാരം</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് ആശ്വാസ ധനസഹായമായി 25,000 രൂപയും (01.06.2014 മുതൽ) എന്നാൽ അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവ മൂലം വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് ആശ്വാസ ധനസഹായമായി പരമാവധി 10,000 രൂപയും (01.06.2014 മുതൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

| | |
|---|---|
| (ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ? | (ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തുമായ വൈദ്യുതി അപകടങ്ങൾക്ക് നൽകുന്ന ധനസഹായത്തെ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിയ്ക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം (Employees' Compensation Act, 1923) അനുസരിച്ചാണ് നഷ്ടപരിഹാരം നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**

ംരാമംസംമ്പ 4651

# KERALA STATE ELECTRICITY BOARD LIMITED

(Incorporated under the Indian Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram -695 004

**Abstract**

Enhancement of ex-gratia benefit to the electrical accidents occurred to the general public and to the owners of domestic cattles electrocuted from Kerala State Electricity Board Limited's installations -Orders issued.

**CORPORATE OFFICE (PERSONNEL)**

B.O. (FTD) No. 84/2015(PSVIII/GL/97) Dated, Thiruvananthapuram; 13-01-2015.

Read:- 1. B.O.No. 2648/99. (PS VIII/GL/97) dated 02-12-1999.
2. B.O.No. (FB) 247/2007 (PS VIII/GL/97) dated 31-01-2007.
3. B.O.No. (FB) 2058/2010 (PS VIII/GL/97) dated 04-08-2010.
4. Decision of the Full Time Directors meeting dated 06-01-2015 in Note No. PS VIII/GL/97 dated 09-12-2014.

## ORDER

Kerala State Electricity Board Limited vide Order read as 1st paper above has introduced "Vydyuthi Suraksha Insurance Scheme" in association with M/s National Insurance Company Limited with effect from 01-01-2000, which has expired on 31-12-2005. As per Board Order read as 2nd paper above, the expenditure in respect of the eligible claims were met from Kerala State Electricity Board Limited's Fund from the year 2006. The Scheme envisaged an ex-gratia payment @ ₹1,00,000/- for death to the public and proportionate amount of ex-gratia for permanent disablement limited to ₹1,00,000/- based on the disability certificate issued by the District Medical Board. An Ex-gratia amounting to ₹10,000/- is being paid to the owners of the domestic cattle electrocuted from Kerala State Electricity Board Limited's installations.

The electrocution/electrical accidents occurred from the Board installations alone are covered under the scheme. The accidents occurred from the consumer installations are not eligible for ex gratia. The accidents occurred due to theft of energy, illegal extraction of energy for fencing, fishing, suicide attempt, unauthorized extension of electricity for prevention of theft, unauthorized work on live line by general public etc are not covered as per the above scheme.
The major reasons for the fatal and non fatal accidents occurred to general public and domestic cattle can be categorized under two heads.

A. Accidents resulted on account of the defects in the system/ lack of proper maintenance/ faults in the installations.

1. Snapped Conductor.
2. Snapped Service Wire.
3. Sagged Conductor due to slanting of post and insulator burst etc.
4. Breakage of poles.
5. Shock from transformer structure without adequate fencing and transformer burst.
6. Power Leakage through earth wire, Guy Wire, Stay Wire etc.

The above reasons are mostly resulted as the after effects of the natural calamities viz heavy raining during monsoon season, thunder, lightning etc.

B. Accidents occurring on account of the ignorance, negligence and carelessness of public.

1. Accidental Contact with live line while cutting branches of trees and while climbing trees/plucking fruits.
2. While handling iron pipe/ladder.
3. While raising Arch/Loading Vehicles/Fixing banners and posters etc.
4. While traveling on elephant.
5. While working on cable TV line drawn on electric posts.

With respect to some of the reasons resulting in accidents mentioned at category 'A' above, after obtaining ₹1 Lakh towards exgratia, the legal heirs of the deceased used to file Suits before Courts for obtaining enhanced compensation and Kerala State Electricity Board Limited is forced to contest the case. Many representations have been received recently from the dependents of the victims for the enhancement of exgratia and submissions have been raised on the floor of the Legislative Assembly regarding the same.

Having considered the matter in detail, Kerala State Electricity Board Limited is pleased to order as follows.

1. The exgratia payment payable in respect of the fatal accidents occurred to general public on account of the reasons enumerated in category 'A' shall be enhanced from ₹1 lakh to ₹5 Lakh (Rupees Five lakh only) and in respect of non-fatal accidents, exgratia proportionate to the percentage of disability sustained by the victim subject to a maximum of ₹5 Lakh (Rupees Five lakh only).
2. The dependants/legal heirs of the deceased shall execute and furnish a consent deed in adequate stamp paper notarized by the notary public agreeing not to resort to any litigation or approach legal courts/forae for enhanced compensation.
3. The exgratia payment payable in respect of the fatal/non fatal accidents occurred from Kerala State Electricity Board Limited's Installations on account of the reasons enumerated in category 'B' shall be retained at the present rate of ₹1 Lakh(Rupees One lakh only).
4. The exgratia benefit payable in respect of the fatal accidents occurred to domestic cattle belonging to the category of cow, ox, bull, buffalow etc. shall be enhanced from ₹10,000/- to a maximum of ₹25,000/- (Rupees Twenty five thousand only) and in respect of goat to a maximum of ₹20,000/-(Twenty thousand only).

*The enhancement in the exgratia ordered above shall come into force with effect from 01-06-2014.*

By Order of the Full Time Directors

Sd/-

**C.NAKULAN**

Deputy Secretary (Administration)
In Charge of Secretary (Administration)

To

The Chief Engineer (HRM), Kerala State Electricity Board Limited.
All Chief Engineers (Electrical & Civil).
All Deputy Chief Engineers (Electrical & Civil)/All Executive Engineers (Electrical & Civil)
All Regional Audit Officers/Deputy Chief Engineer (IT)
The Chief Public Relations Officer/Deputy Secretary (Administration)
The Financial Adviser/Chief Internal Auditor/ Chief Vigilance Officer/
The Legal Adviser & Disciplinary Enquiry Officer
The TA to Chairman & Managing Director/Director (Distribution & Safety)
The TA to Director (Generation Civil)/Director (Transmission & System Operation)
The TA to Director (Supply Chain Management & Generation Electrical)
The TA to Director (Renewable Energy & Planning)
The PA to Director (Finance)/CA to Secretary (Administration)
The Fair Copy Superintendent/ Record Section/Library/Stock File.